# വാമനപുരം ബ്ലോക്ക്

## നന്ദിയോട് സി.ഡി.എസ്




വാമനപുരം ബ്ലോക്കിന്റെ കാർഷിക മേഖലയിൽ പ്രധാന പങ്ക് വഹിക്കുന്നതും നെല്ല് കൃഷിയിൽ മുന്നിട്ട് നിൽക്കുന്നതുമായ സി.ഡി.എസ് ആണ് നന്ദിയോട് ട്രൈബൽ മേഖലയും വന പ്രദേശവും 18 എ.ഡി.എസ് അടങ്ങുന്ന പഞ്ചായത്താണ് നന്ദിയോട്.

| അംഗങ്ങൾ | എണ്ണം |
|---|---|
| അയൽക്കൂട്ടം | 290 |
| അംഗങ്ങൾ | 4432 |
| ട്രൈബൽ അയൽക്കൂട്ടങ്ങൾ | 23 |
| അംഗങ്ങൾ | 299 |
| എഡി.എസ്സ് | 18 |
| ജെ.എൽ. ജി | 55 |
| അംഗങ്ങൾ | 242 |

ലോക്ഡൗൺ കാലത്ത് ഏറെ ശ്രദ്ധേയംചെലുത്തിയിരുന്ന ഒരു സി.ഡി.എസ് തന്നെയായിരുന്നു നന്ദിയോട് ദിവസ വേതന കാരുടെ കർഷകരും ട്രൈബൽ മേഖല യിൽ ജീവിക്കുന്ന കുടുംബങ്ങളും തിങ്ങിപാർക്കുന്ന മേഖല കൂടിയാണ് നന്ദിയോട് ഗ്രാമ പഞ്ചായത്ത് എന്നാൽ കൃത്യമായ രീതിയിലുള്ള കുടുംബശ്രീ പ്രവർത്തകരുടെ പോലീസ് ഫോറസ്റ്റ്, പഞ്ചായത്തുമായി സംയോജിപ്പിച്ച് നടത്തിയ ഇടപെടലുകൾ ഏറെ ശ്രമകര മായി തന്നെ ഫലപ്രാപ്തി കണ്ടെത്തി എന്നുള്ളതിൽ ഓരോ സി.ഡി.എസ് അംഗങ്ങളെയും അഭിമാനിക്കുന്നു. ആദ്യ ഘട്ടം എന്ന നിലയിൽ കുടുംബശ്രീ ജില്ല മിഷന്റെ നിർദ്ദേശ പ്രകാരം വാട്സാപ്പ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും വേണ്ട ആവശ്യ ങ്ങളും, സഹായങ്ങളും എത്തിക്കേണ്ടെടുത്ത് എത്തിക്കാനും കൂടുതൽ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി തീർക്കുവാനും ഇത് ഫലപ്രദമായി തന്നെ വിനിയോഗിച്ചു വിജയിച്ചു.

ഫോറസ്റ്റ്, പോലീസ്, ആരോഗ്യ പ്രവർത്തകർ, പഞ്ചായത്ത് എന്നിവരുടെ ഇടപെട ലുകൾ ഏറെ സഹായകമായിരുന്ന തന്നെയാണ് ട്രെബൽ മേഖലകളിൽ ആഹാരസാധ നങ്ങൾ എത്തിച്ചു നൽകാനും ഫോറസ്റ്റ് ഡിപ്പാർട്ടമെന്റ് വളരെ നല്ല രീതിയിൽ തന്നെ സഹകരിച്ചു പോന്നിരുന്നു. അത്പോലെ തന്നെ ക്വാറന്റിനിൽ കഴിയുന്നവർക്ക് ഭക്ഷണം എത്തിക്കാനും പ്രതിരോധ മരുന്നുകൾ വിതരണം ചെയ്യാനും ആരോഗ്യപ്രവർത്തകരുടെ പങ്ക് എടുത്തു പറയേണ്ടത് ഒന്ന് തന്നെയാണ്. അത് പോലെ തന്നെ പോലീസ് ഡിപ്പാർട്ട്മെന്റ് വാഹന സൗകര്യങ്ങൾ ഇല്ലാതിരുന്ന മേഖലകളിൽ അത് എത്തിച്ച് തരാനും മരുന്നുകൾ എത്തിക്കാനും ഏറെ സഹായകരമായ പ്രവർത്തനങ്ങളാണ് കുടുംബശ്രീയ്ക്ക് നൽകിയത്.

കോവിഡ് കാലത്ത് കുടുംബശ്രീ മുന്നോട്ട് വയ്ക്കുന്നത് കൂടുതൽ യോഗങ്ങൾ ഓൺലൈൻ മാർഗ്ഗം വഴി മാറ്റാനും ഓൺലൈനിലൂടെ തന്നെ പണമിടപാടുകൾ ബാങ്കിന്റെ സഹായത്തോടെ നടത്താനും കർഷകർക്ക് വിപണനം നടത്താനായി പച്ച ക്കറി, മുട്ട, പാൽ, ഇറച്ചി എന്നിവ കളക്ട് ചെയ്ത് വിപണനം നടത്താനുള്ള സേവനവും കുടുംബശ്രീയുടെ നേതൃത്വത്തിൽ നൽകണം എന്നുള്ള നിർദ്ദേശമാണ് എടുത്ത് പറയാനുള്ളത്.

കമ്മ്യൂണിച്ചി കിച്ചന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ അംഗീകരിക്കുന്നതിനായി കുടുംബശ്രീയുടെ പ്രവർത്തനത്തെ ഏകോപിച്ച് നടത്തുന്നതിന്റെ ഭാഗമായി കിച്ച ണിലേക്ക് ബഹുമാനപ്പെട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമാൻ. V.K. മധു നേരിട്ട് വന്ന് കുടുബശ്രീ പ്രവർത്തനത്തിന് വേണ്ട നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും നൽകു കയും എല്ലാ വിധ സഹായ സഹകരണവും പിന്തുണയും നൽകിയത് കുടുംബശ്രീ

അംഗങ്ങൾ മികച്ച ഒരു മുതൽകൂട്ടായി മാറി കൂടാതെ ട്രൈബൽ മേഖലയിലും മറ്റ് സ്ഥല ങ്ങളിലും വാഹന സൗകര്യ മില്ലാതിരുന്ന സാഹചര്യത്തിൽ പോലീസ്, ഫോറസ്റ്റ്, ഹെൽത്ത് ഡിപ്പാട്ട്മെന്ററുകൾ തന്ന സഹായ സഹകരണങ്ങളും എടുത്ത് പറയേണ്ടത് തന്നെ ആയിരുന്നു.







# ഒരുമയുടെ അടുക്കളയിൽ നന്മയുടെ സ്വാദ്

നന്ദിയോട് പഞ്ചായത്ത് ആരംഭിച്ച സമൂഹ അടുക്കള ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി കെ മധു സന്ദർശിച്ചപ്പോൾ

തിരുവനന്തപുരം

കല്യാണത്തിരക്കുകളൊഴിഞ്ഞ് പൂട്ടിക്കിടക്കുന്ന നന്ദിയോട് ഗ്രീൻ ഓഡിറ്റോറിയത്തിന്റെ അടുക്കള വെള്ളിയാഴ്ച അതിരാവിലെ തുറന്നു. ആദ്യമെത്തിയ കുടുംബശ്രീ പ്രവർത്തകർ തലേന്ന് പറഞ്ഞുറപ്പിച്ചപ്രകാരം അടുക്കള വൃത്തിയാക്കി തുടങ്ങുമ്പോഴേക്കും മറ്റുള്ളവർ എത്തിത്തുടങ്ങി. പഞ്ചായത്ത് അംഗങ്ങൾക്കൊപ്പം സജ്ജരായി യുവജനക്ഷേമ ബോർഡിന്റെ വളന്റിയർമാരും ഡിവൈഎഫ്ഐ പ്രവർത്തകരും. അവരുടെ ഒരുമയിൽ ഒരു നാടിന്റെ നന്മയുടെ അടുക്കള തുറന്നു. ആശങ്കയുടെ കാലത്ത് കരുതലിന്റെ ചൂടേറ്റ് മാനവികതയുടെ രുചിഭേദങ്ങൾ മേശമേൽ നിരന്നു. പിന്നെയത് സന്നദ്ധതയുടെ ഇരുചക്രമേറി പലദിക്കുകളിൽ വിശപ്പകറ്റാൻ യാത്രയായി.

സംസ്ഥാന സർക്കാരിന്റെ നിർദേശപ്രകാരം നന്ദിയോട് പഞ്ചായത്ത് സജ്ജമാക്കിയ സമൂഹ അടുക്കളയിൽനിന്ന് ജില്ലാപഞ്ചായത്തിന്റെ പാഥേയം പദ്ധതിയിലൂടെ വെള്ളിയാഴ്ച ഇരുന്നൂറോളം പേർക്കാണ് ഭക്ഷണമെത്തിച്ചത്. ചോറിനൊപ്പം സാമ്പാറും അവിയലും തോരനും അച്ചാറും പപ്പടവുമാണ് ആദ്യദിനത്തിലെ വിഭവങ്ങൾ.

കോവിഡ് ജാഗ്രതാനിർദേശപ്രകാരം മാസ്കുകൾ ധരിച്ചും കൈകൾ ഇടയ്ക്കിടെ ശുചിയാക്കിയും ചിട്ടയോടെയാണ് അടുക്കളയുടെ പ്രവർത്തനം. ഒരോ പഞ്ചായത്തിലും അശരണരെയും ഒറ്റപ്പെട്ടവരെയും പാർപ്പിക്കാൻ സർക്കാർ സ്കൂളുകളും മറ്റും ഏറ്റെടുത്ത് സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇവിടെ താമസിക്കുന്നവർക്കും ഇതേ അടുക്കളയിൽനിന്നാണ് ഭക്ഷണം.

പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യുന്നവരുടെ പട്ടിക തയ്യാറാക്കിയാണ് വിതരണം. ലിസ്റ്റിലുള്ളവർക്ക് രാവിലെയും ഉച്ചയ്ക്കും രാത്രിയും ഭക്ഷണമെത്തിക്കും. ഇതിന് പ്രത്യേക വളന്റിയർമാരെ നിയോഗിച്ചിട്ടുണ്ട്. 22 മുതൽ 40 വയസ്സുവരെയുള്ളവരെയാണ് സന്നദ്ധസേനയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഫോൺനമ്പരുകളിൽ വിളിച്ച് ഭക്ഷണം ആവശ്യപ്പെടുന്നവർക്ക് 25 രൂപ നിരക്കിൽ സമൂഹ അടുക്കളയിൽനിന്ന് ഭക്ഷണം എത്തിക്കും.

ജില്ലയിലാകെ 73 പഞ്ചായത്തിലും ഇത്തരത്തിൽ അടുക്കളകൾ ആരംഭിച്ചു. വിതുര ഐസറിൽ അതിഥിത്തൊഴിലാളികൾക്കായി ആരംഭിച്ച സമൂഹ അടുക്കളയും നന്ദിയോട് ഗ്രീൻ ഓഡിറ്റോറിയത്തിലെ അടുക്കളയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി കെ മധു സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തി. ശനിയാഴ്ചയോടെ ജില്ലയിലെ എല്ലാ പഞ്ചായത്തിലും പ്രവർത്തനം പൂർണസജ്ജമാകുമെന്ന് വി കെ മധു പറഞ്ഞു.

24 മണിക്കൂറും പ്രവർത്തിക്കുന്ന കുടുംബശ്രീ കമ്യൂണിറ്റി കിച്ചൻ മോണിറ്ററിങ് സെല്ലിൽ ഭക്ഷണം സംബന്ധിച്ച പരാതിയും അഭിപ്രായങ്ങളും അറിയിക്കാം. ഫോൺ: 04712447552, 9446615509, 9447894148

## വിശന്നിരിക്കില്ല ആരും

നടന്നത് 150 കിലോമീറ്റർ

## ശ്രീകുമാറിന് തുണയാ

| ഇനം | സൗജന്യമായി നൽകിയത് | വിലക്കുനൽകിയത് |
|---|---|---|
| ഫുഡ് | 8399 | 418 |
| മാസ്ക് | 100 | 800 |
| ജെ.എൽ.ജി പച്ചക്കറികൾ | 90kg | 2110 kg |

## ലോൺ

ആപ്ലിക്കേഷൻ : 140

Amount : 1025000/-




തയ്യാറാക്കിയത്

Nikhil.D
Block Co-ordinator
Ph: 995127271
Chair Person
Beena
9447911649